# മാതൃഭൂമി നിരസിച്ച കഥ

ഇ. ഹരികുമാർ

സംഭവം നടന്നത് തൊള്ളായിരത്തി എൺപത്തേഴിലാണ്. ഒക്ടോബർ മാസത്തിലാണെന്നാണോർമ്മ. ഒരു കഥ മാതൃഭൂമിയ്ക്കച്ചുകൊടുത്തു. സാധാരണ മൂന്നാഴ്ചക്കുള്ളിൽ കഥ പ്രസിദ്ധീകരിച്ചുകാണാറുണ്ട്. എം.ടി.യുടെ മറുപടി എന്തായാലും കിട്ടാറുണ്ട്. അതുമുണ്ടായില്ല. ഒരു മാസം കഴിഞ്ഞു, രണ്ടു മാസം കഴിഞ്ഞു. അസ്വസ്ഥമായ കാത്തിരിപ്പ്. ആ കഥ പ്രസിദ്ധീകരിച്ചു കണ്ടില്ലെന്നതല്ല പ്രശ്നം. അതു മറ്റൊരു വാരികയ്ക്ക് അയക്കാൻ പറ്റില്ലല്ലൊ. ഒരു കഥ രണ്ടു വാരികകളിൽ ഒരേ സമയം പ്രസിദ്ധപ്പെടുത്തിവന്ന കാര്യം ചില എഴുത്തുകാർ പറയുന്നത് കേട്ടിട്ടുണ്ട്. അതു രണ്ടാം തരമായതുകൊണ്ട് ഞാനതു ചെയ്തില്ല. അതിനിടയ്ക്കാണ് ഞാനറിഞ്ഞത് മാതൃഭൂമിയിൽ വളരെയധികം മാറ്റങ്ങൾ സംഭവിക്കുകയാണെന്നും എം.ടി. ആ സ്ഥാപനം വിട്ടെന്നും. പകരമാരാണ് വന്നതെന്നുമറിയില്ല. സാഹിത്യലോകത്തെ ഹൂയീസ്ഹൂ എനിക്ക് അന്നും ഇന്നും അപരിചിതമാണ്. ഞാൻ വെറും പത്രാധിപർ എന്ന പേരിൽ ഒരു കത്തെഴുതി. ഇങ്ങിനെ ഒരു കഥ അയച്ചിരുന്നു, അതു പ്രസിദ്ധീകരിക്കാൻ താല്പര്യമില്ലെങ്കിൽ തിരിച്ചയക്കണമെന്ന് പറഞ്ഞുകൊണ്ട്. മറുപടിയില്ല. രണ്ടാമതൊരു കത്തെഴുതിയതിനും മറുപടിയില്ലെന്നു കണ്ടപ്പോൾ ഞാൻ അന്ന് ദിനപത്രം നോക്കിയിരുന്ന ശ്രീ ശ്രീധരൻ നായർക്ക് എഴുതി. എം.ടി. മാറിയതിനു ശേഷം അദ്ദേഹമാണ് ആഴ്ചപ്പതിപ്പ് നോക്കുന്നതെന്നാരോ പറഞ്ഞറിഞ്ഞു. ആ കത്തിനും മറുപടിയുണ്ടായില്ല. എന്റെ കത്ത് മറുപടി അർഹിക്കുന്നതാണെന്ന് അദ്ദേഹം കരുതിയിട്ടുണ്ടാവില്ല. വീണ്ടും അസ്വസ്ഥമായ കാത്തിരിപ്പ്. ഒരു കത്തുകൂടി എഴുതി. ഇല്ല, മറുപടിയില്ല. പത്രാധിപരുടെ അഭാവത്തിൽ ആഴ്ചപ്പതിപ്പ് നോക്കിയിരുന്നത് ഒരു അസിസ്റ്റന്റ് എഡിറ്ററായിരുന്നു. എനിക്കദ്ദേഹത്തെ പരിചയമില്ല. പിന്നെ കത്തെഴുതിയത് വി.കെ. മാധവൻകുട്ടിക്കായിരുന്നു. അദ്ദേഹത്തെയും നേരിട്ടു പരിചയമില്ല. അല്പം പരിഭവിച്ചു കൊണ്ടാണ് എഴുതിയത്. മറുപടിയില്ല. വലിയ വലിയ ആളുകൾ. അവർക്കിതിനൊന്നും സമയമുണ്ടാവില്ല. ഇത് എന്റെ കഥയാണ്. എനിക്കു മാത്രമേ അതിനോടിഷ്ടമുണ്ടാവാൻ വഴിയുള്ളു, ചുരുങ്ങിയത് അത് പ്രസിദ്ധപ്പെടുത്തുന്നതുവരെയെങ്കിലും. പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ഇഷ്ടപ്പെടേണ്ടത് വായനക്കാരാണ്. അപ്പോൾ, കിട്ടാത്ത മറുപടികളിൽ പരിഭവിച്ചിട്ടു കാര്യമില്ല.

അങ്ങിനെയിരിക്കുമ്പോഴാണ് വാർത്ത വന്നത്, ശ്രീ എൻ.വി. കൃഷ്ണവാരിയർ ആഴ്ചപ്പതിപ്പിന്റെ പത്രാധിപരാകുന്നു. ഇനി അദ്ദേഹത്തിനു കൂടിയേ കത്തെഴുതാനുള്ളൂ. അച്ഛന്റെ വളരെ അടുത്ത സ്നേഹിതനാണ്, വളരെ നല്ല മനുഷ്യനും. ഇത്രയും നല്ല ആ മനുഷ്യന്റെ മറുപടിയും കിട്ടിയില്ല എന്ന ഖേദം ഒഴിവാക്കുകയാണ് നല്ലതെന്നു തോന്നി മിണ്ടാതിരുന്നു. ഒരു മാസം കഴിഞ്ഞില്ല, അപ്പോഴാണ് മെയിലിൽ കഥ തിരിച്ചു കിട്ടുന്നത്. കഥ പ്രസിദ്ധീകരിക്കാൻ കഴിയാത്തതിലുള്ള വ്യസനം പ്രകടിപ്പിച്ചുകൊണ്ടെഴുതിയ ആ കത്ത് ഞാൻ കുറേ നേരം നോക്കിയിരുന്നു. തൊള്ളായിരത്തി അറുപത്തഞ്ചിലാണ് എന്റെ കഥ ആദ്യമായി മാതൃഭൂമിയിൽ വന്നത്. 'ഉണക്ക മരങ്ങൾ'. അതിനുശേഷം വർഷത്തിലൊരിക്കൽ ഒരു കഥ മാത്രം എഴുതിയിരുന്ന എന്റെ കഥകൾ മാതൃഭൂമി പ്രസിദ്ധീകരിച്ചു. 'കൂറകൾ', 'പരുന്തുകൾ വട്ടം ചുറ്റുമ്പോൾ', 'ശിശിരം', 'നിനക്കുവേണ്ടി', 'മധുവിധു', തുടങ്ങിയവ. ഞാനയച്ചുകൊടുത്ത ഒരൊറ്റ കഥയും മാതൃഭൂമി തിരിച്ചയച്ചിട്ടില്ല. ഇപ്പോൾ ഇരുപത്തിരണ്ടു വർഷങ്ങൾക്കു ശേഷം അങ്ങിനെയൊരു യോഗവുമുണ്ടായി. വല്ലാതെ വിഷമം തോന്നി.

ഞാനാലോചിച്ചു. ഇതു ശരിയാവില്ല. ഞാനാ കഥയുമെടുത്ത് കോഴിക്കോട്ടു പോയി, എൻ.വി. കൃഷ്ണവാരിയരെ കണ്ടു. അദ്ദേഹത്തിന്റെ മുമ്പിലിരിക്കുമ്പോൾ ഞാൻ പഴയൊരു കഥയാണോർത്തത്. ഒരിക്കൽ അച്ഛന് വാരിയർ സാറിന്റെ ഫോണുണ്ടായിരുന്നു. അന്ന് പൊന്നാനിയിൽ ഉണ്ടായിരുന്നത് മൂന്ന് ടെലിഫോണുകൾ മാത്രം. അപ്പോൾ ഒരാളെ ഫോണിൽ കിട്ടണമെങ്കിൽ പി.പി. കാൾ ചെയ്യണം. അതായത് പൊന്നാനി പോസ്റ്റാഫീസിലേയ്ക്ക് ഫോൺ ചെയ്ത് ആരെയാണ് കിട്ടേണ്ടതെങ്കിൽ അവരുടെ പേരു പറയുക. അച്ഛൻ പോസ്റ്റോഫീസിലേയ്ക്കു പോയി. അവർ ശ്രീ. കൃഷ്ണവാരിയറുമായി ബന്ധപ്പെടുത്തി. അച്ഛന് പക്ഷെ അദ്ദേഹം പറഞ്ഞതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. നേരിയ ശബ്ദം മാത്രം. കൃഷ്ണവാരിയർക്ക് കാര്യം മനസ്സിലായെന്നു തോന്നുന്നു. അദ്ദേഹം ഉറക്കെ പറഞ്ഞു. 'ഇടശ്ശേരി ഫോൺ തലതിരിച്ചാണ് പിടിച്ചിരിക്കുന്നത്.' ഫോൺ തിരിച്ചു പിടിച്ചപ്പോൾ നന്നായി കേൾക്കാനുണ്ട്. കവിത പെട്ടെന്നു കിട്ടിണമെന്നുള്ളതുകൊണ്ടാണ് കത്തെഴുതാൻ മെനക്കെടാതെ ഫോൺ വിളിച്ചതെന്ന് അദ്ദേഹം ക്ഷമാപണത്തോടെ പറഞ്ഞു.

ഞാൻ അദ്ദേഹത്തെ കാണാൻ വന്നതിന്റെ ഉദ്ദേശ്യം പറഞ്ഞു. എന്തു മാനദണ്ഡമാണ് കഥയെ തിരസ്കരിക്കാൻ ഉപയോഗിച്ചത് എന്നറിഞ്ഞാൽ കൊള്ളാമെന്നു വളരെ വിനയത്തോടെ ചോദിച്ചു. അദ്ദേഹം പറഞ്ഞു. 'ഞാനിവിടെ ചാർജ്ജെടുത്തപ്പോൾ കണ്ടത് വളരെയധികം കഥകളും, കവിതകളും, ലേഖന

ങ്ങളും ഒന്നും ചെയ്യാതെ അടിഞ്ഞുകൂടിയിരിക്കുന്നതാണ്. ഞാൻ പത്രാധിപ സമിതിയിലെ ആൾക്കാരോട് പറഞ്ഞു. ഒന്നുകിൽ നിങ്ങളിതെല്ലാം ഓരോന്നായി പ്രസിദ്ധീകരിക്കുക. അല്ലെങ്കിൽ തിരിച്ചയക്കുക. വളരെ പഴയ സാഹിത്യകൃതികൾ പലതും ഒന്നും ചെയ്യാതെ കെട്ടിക്കിടക്കുകയായിരുന്നു. അങ്ങിനെ തിരിച്ചയച്ചതാവും.'

എന്റെ കയ്യെഴുത്തുപ്രതി വാങ്ങി അദ്ദേഹം വായിക്കാൻ തുടങ്ങി. എ-4 സൈസിൽ ഏകദേശം പത്തുപതിനഞ്ചു പേജുണ്ടാവും ആ കഥ. അതു മുഴുവൻ അദ്ദേഹം ഒറ്റയിരിപ്പിനു വായിച്ചു തീർത്തു. എനിക്കദ്ഭുതവും വളരെയധികം ബഹുമാനവും ആ നിമിഷത്തിൽ അദ്ദേഹത്തോടു തോന്നി. കഥ വായിച്ച ശേഷം എന്നോട് ചിരിച്ചുകൊണ്ട് പറഞ്ഞു. 'ഇത് തിരസ്കരിക്കേണ്ട കഥയല്ല. നല്ല കഥയാണ്. ഏതായാലും ഇത്രയും വൈകിയില്ലെ, ഇനി കുറച്ചുകൂടി കാത്ത് നമുക്കിത് ഓണപ്പതിപ്പിനു കൊടുക്കാം. എന്താ പോരെ?'

എനിക്ക് വളരെയധികം സന്തോഷം തോന്നി. തിരസ്കാരത്തിന്റെ ചുവ വായിൽനിന്ന് പോയി അവിടെ ഒരു മഹാകവിയുടെ വാക്കുകളുടെ മധുരം.

1988ലെ ഓണപ്പതിപ്പിൽ വന്ന ആ കഥ എതാണെന്നോ? 'ഡോക്ടർ ഗുറാമിയുടെ ആശുപത്രി'. വായിച്ചവർ അഭിപ്രായം പറയട്ടെ.

ഇ. ഹരികുമാർ
20 ആഗസ്റ്റ് 2014